# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മതിലകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: .KSA.TSR (P-9)-1569/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 25/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മതിലകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: .KSA.TSR (P-9)-1569/2021 തീയ്യതി: 25/06/2022

## തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 06-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 08-10-2021 |
| 16-10-2021 | 16-10-2021 |
| 18-10-2021 | 18-10-2021 |
| 03-11-2021 | 06-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി,ഓഡിറ്റ് ഓഫീസർ
ശ്രീ സിജു.പി.ഡാംസൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ്.എം.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ് ഓഡിറ്റർ
ശ്രീ സിജോ തോമസ്, ഓഡിറ്റർ(03.11.2021 മുതൽ 06.11.2021വരെ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഇ.ജി സുരേന്ദ്രൻ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പി.വി.ഷാബു | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബൈജു ബേബി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സതീഷ് കുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സുമയ്യ | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവ്വേദം) | | |
| ശ്രീമതികെ.എസ്.ലാലി | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, മതിലകം സർക്കിൾ | 01-04-2019 | 27-10-2019 |
| ശ്രീ.ബാബു.ഇ.എസ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, മതിലകം സർക്കിൾ | 28-10-2019 | 31-03-2020 |
| ശ്രീമതികെ.എസ്.ലാലി | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, കുളിമുട്ടം സർക്കിൾ | 01-04-2019 | 23-10-2019 |
| ശ്രീ ശരത്ത് കുമാർ.ടി.എസ് | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ, കുളിമുട്ടംസർക്കിൾ | 24-10-2019 | 31-03-2020 |
| ശ്രീമതി ഹേമ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രമണി | പ്രധാനാധ്യാപിക | 01-04-2019 | 31-03-2020 |
| ശ്രീമതി നിഷി.പി.ദേവദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി സീന.എം.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.ഷാജി | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 10-06-2019 |
| ഡോ.റംസി മുഹമ്മദ് | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 11-06-2019 | 29-01-2020 |
| ഡോ.വരദ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 30-01-2020 | 31-03-2020 |
| ശ്രീ.അൻസിൽ.പി.എം | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-3 |
| 4 | ഫണ്ടിനം<br>Written By: Sheena K T (Audit Officer, On 05-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sheena K T (Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Dhanya Dhileep (Auditor, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-10 |
| 11 | വസ്തു നികുതി റെസിഡൻഷ്യൽ -തൻവർഷം അക്കൗണ്ട്സും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 1-11 |
| 12 | വസ്തു നികുതി നോൺറസിഡൻഷ്യൽ-അക്കൗണ്ട്സും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 1-12 |
| 13 | ലൈബ്രറി സെസ് വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-13 |
| 14 | മുൻകൂർ തുക വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 24-06-2022) | 1-14 |
| 15 | ഡിമാന്റ് എൻട്രി ഒറ്റത്തവണ മാത്രം<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-15 |
| 16 | അഡ്വാൻസ് തുക സാങ്കൽപ്പികമായി വർദ്ധിപ്പിച്ചു<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-16 |
| 17 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-17 |
| 18 | മുൻകൂർ ലഭിച്ചത് രജിസ്റ്ററുകളിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-18 |
| 19 | 280000000-Prior Period Item"-ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകൾ ഇല്ല<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-19 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-20 |

| | | |
|---|---|---|
| 21 | ജേണൽ എൻട്രികൾക്ക് വൗച്ചർ സൂക്ഷിക്കുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-21 |
| 22 | ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-22 |
| 23 | അഡ്വാൻസ് ടു അഡ്ജസ്റ്റ് തെറ്റായ എൻട്രി<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 1-23 |
| 24 | വാടക ഡിമാന്റ് എൻട്രി ഒറ്റതവണ മാത്രം<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-24 |
| 25 | ലൈസൻസ് ഫീസ് കുറവ് അടവാക്കി<br>Written By: Sumitha T.S (Asst. Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-25 |
| 26 | മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിലും ലൈസൻസ് അനുവദിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-26 |
| 27 | സാക്ഷ്യപത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 31-05-2022) | 1-27 |
| 28 | പിഎച്ച്സി ക്ക് ലാപ് ടോപ്പ് , പ്രൊജക്ടർ വാങ്ങൽ- ലഭിക്കുവാൻ കാലതാമസം-സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 1-28 |
| 29 | പാലിയേറ്റീവ് കെയർ -മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-29 |
| 30 | കേടുവന്ന തെങ്ങിൻ തൈകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നൽകൽ-തനത് ഫണ്ടിൽ നിന്ന് തുക വിനിയോഗിച്ചത് സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 10-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 1-30 |
| 31 | വീട് അറ്റകുറ്റപ്പണി(എസ്.സി.പി) പൂർത്തീകരിച്ചിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 10-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 1-31 |
| 32 | ലൈഫ് ഭവന നിർമ്മാണം(163/20) -വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Saleesh M.G (Asst. Audit Officer, On 10-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 1-32 |
| 33 | തുണിസഞ്ചി നിർമ്മാണം വിതരണം- അപാകതകൾ<br>Written By: Saleesh M.G (Asst. Audit Officer, On 10-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 1-33 |
| 34 | പോത്തിൻകുട്ടി വിതരണം പദ്ധതി സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-34 |
| 35 | എസ് എസ് എ വിഹിതം അടവാക്കൽ- എസ് സി പദ്ധതി സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-35 |
| 36 | താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-36 |
| 37 | തെരുവ് വിളക്ക് പരിപാലനം-കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-37 |
| 38 | പാരമ്പര്യ കലാപോഷണം പദ്ധതി- പദ്ധതി വിഹിതം അധികമായി നൽകി<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 1-38 |
| 39 | പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷുറൻസ്-സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്<br>Written By: Sheena K T (Audit Officer, On 11-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-39 |
| 40 | പൊതുമരാമത്ത് പ്രവൃത്തികൾ- കരാറുകാരിൽ നിന്ന് ജിഎസ്ടി ഇൻവോയ്സുകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Siju P. Damson (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 1-40 |
| 41 | ഒഴിവാക്കപ്പെട്ട സേവനങ്ങൾക്ക് ജിഎസ്ടി തുക നല്കി.തനത് ഫണ്ടിൽ നിന്ന് 17758 രൂപയും വികസനഫണ്ടിൽ നിന്നും 18268 രൂപയും ഈയിനത്തിൽ അടച്ചു<br>Written By: Siju P. Damson (Asst. Audit Officer, On 06-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 1-41 |
| ഭാഗം **2** | | |

| | | |
|---|---|---|
| 1 | ലൈസൻസ് ഫീസ് കുറവ് അടവാക്കി<br>Written By: Sumitha T.S (Asst. Audit Officer, On 12-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 23-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-6 |
| 7 | സമാഹതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Sheena K T (Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 07-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Saleesh M.G (Asst. Audit Officer, On 10-11-2021)<br>Last Updated By: Sheena K T (Audit Officer, On 01-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 5-3-2019 | 1 | 202375112 | 194786433 |

റിവൈസ്ഡ് ബഡ്ജറ്റ്

| പാസാക്കിയ തിയതി | തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 29-2-2020 | 4 | 196555428 | 188918455 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2020 | 16.07.2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20275617.74 |
| വരവ് | 63517105 |
| ആകെ | 83792722.74 |
| ചെലവ് | 69631190 |
| നീക്കിയിരിപ്പ് | 14161532.74 |

### 1-4 ഫണ്ടിനം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 14737035 | 14737035 | 10584494 | 4152541 |
| വികസനഫണ്ട്-എസ് സി പി | 0 | 8834941 | 8834941 | 5319179 | 3515762 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 | 0 | |
| മെയിന്റനൻസ്-റോഡ് | 0 | 7427000 | 7427000 | 2034479 | 5392521 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 3829000 | 3829000 | 2917095 | 911905 |
| സെൻട്രൽ ഫിനാൻസ് | 0 | 9888438 | 9888438 | 4301174 | 5587264 |

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 701 | 1092638 | 1093339 | 1092017 | 1322 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18036849 | 18036849 | 18036849 | 0 |
| ആകെ | 701 | 19129487 | 19130188 | 19128866 | 1322 |

### 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 185 | 45651000 | 83 | 25156421 | 94 | 8 | 44 |

### 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 1543800 | 257 |
| വിധവാ പെൻഷൻ | 7794000 | 1296 |
| വാർദ്ധക്യകാലപെൻഷൻ | 9395400 | 1574 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1728100 | 291 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 370800 | 51 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-10-2021 തീയതിയിൽ 3:15 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,472/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ, പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല

## 1-10 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

പഞ്ചായത്ത് അക്കൗണ്ട്സ് മാന്വൽ നിലവിൽ വരാത്തതിനാൽ ഫോമുകൾ നിശ്ചയിക്കാത്തതിനാലാണ് ഇത് സമർപ്പിക്കാൻ കഴിയാത്തത് എന്ന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-11 വസ്തു നികുതി റെസിഡൻഷ്യൽ -തൻവർഷം അക്കൗണ്ട്സും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2896290 | 2852824 | 45620 | 1080 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2896290 | 2854097 | 46621 | *1080 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(1134 /105X100)= 1080 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. വാർഷികകണക്കിലേയും ഡിസിബി രജിസ്റ്ററിലേയും കളക്ഷൻ, മുൻകൂർ തുക ക്രമീകരിച്ചത് എന്നീ ഇനങ്ങളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി നം നൽകിയതിന് മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിരുന്നു. വസ്തുനികുതി കളക്ഷൻ തുക + ലൈബ്രറി സെസ്സ് കളക്ഷൻ തുക + ബുക്ക് അഡ്ജസ്റ്റ്മെന്റ് – അടുത്ത വർഷത്തേക്കുള്ള കളക്ഷൻ എന്നിങ്ങനെ കുറവ് ചെയ്താൽ കണക്ക് കൃത്യമാകുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് കൃത്യമാക്കി കണക്കുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡിസിബി പത്രിക മറുപടിയിൽ പരാമർശിച്ച രീതിയിലാണ് വ്യാഖ്യാനിക്കപ്പെടേണ്ടതെന്ന് നിർദ്ദേശങ്ങളില്ലാത്തതിനാലും വാർഷികകണക്കും ഡിസിബിയും ഒരേ ഡാറ്റാ ഉപയോഗിച്ച് രണ്ട് സോഫ്റ്റ്‌വെയറുകളിൽ തയ്യാറാക്കപ്പെടുമ്പോൾ അക്കൗണ്ട് ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ഡിസിബിയും തയ്യാറാക്കപ്പെടണമെന്നതിനാലും ഓഡിറ്റ് പരാമർശം നിലനിർത്തുന്നു.)

## 1-12 വസ്തു നികുതി നോൺറസിഡൻഷ്യൽ-അക്കൗണ്ട്സും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2471270 | 2091666 | 17356 | 365833 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2471270 | 2089392 | 17356 | *365834 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(384126 /105X100) =365834 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. വാർഷികകണക്കിലേയും ഡിസിബി രജിസ്റ്ററിലേയും കളക്ഷൻ, മുൻകൂർ ഉക ക്രമീകരിച്ചത് എന്നീ ഇനങ്ങളിലെ ഉകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത ഉകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി ഉക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 2 തീ. 6/10/21 ) (മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിരുന്നു. വസ്തുനികുതി കളക്ഷൻ ഉക + ലൈബ്രറി സെസ്സ് കളക്ഷൻ ഉക + ബുക്ക് അഡ്ജസ്റ്റ്മെന്റ് – അടുത്ത വർഷത്തേക്കുള്ള കളക്ഷൻ എന്നിങ്ങനെ കുറവ് ചെയ്താൽ കണക്ക് കൃത്യമാകുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് കൃത്യമാക്കി കണക്കുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡിസിബി പത്രിക മറുപടിയിൽ പരാമർശിച്ച രീതിയിലാണ് വ്യാഖ്യാനിക്കപ്പെടേണ്ടതെന്ന് നിർദ്ദേശങ്ങളില്ലാത്തതിനാലും വാർഷികകണക്കും ഡിസിബിയും ഒരേ ഡാറ്റാ ഉപയോഗിച്ച് രണ്ട് സോഫ്റ്റ്‌വെയറുകളിൽ തയ്യാറാക്കപ്പെടുമ്പോൾ അക്കൗണ്ട് ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ഡിസിബിയും തയ്യാറാക്കപ്പെടണമെന്നതിനാലും ഓഡിറ്റ് പരാമർശം നിലനിർത്തുന്നു.)

## 1-13 ലൈബ്രറി സെസ് വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 147045 | 486 | 147531 | 144302 | 0 | 144302 | 2780 | 0 | 54 | 486 | 540 |
| | നോൺ-റെസിഡൻഷ്യൽ | 124346 | 91954 | 216300 | 105174 | 408 | 105582 | 941 | 0 | 18293 | 91544 | 109837 |
| | ആകെ | | | 363831 | | | 249884 | 3721 | 0 | 110377 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 365216 | | | 249881 | | | | 255127 | 110377 | | |
| | | (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20 | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത ഉകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി ഉക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,49,881 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,49,884 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് ഉക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത ഉകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു ഉകയുമല്ല, മറിച്ച് 2,55,127 രൂപയാണ്.

വസ്തുനികുതി കളക്ഷൻ ഉക + ലൈബ്രറി സെസ്സ് കളക്ഷൻ ഉക + ബുക്ക് അഡ്ജസ്റ്റ്മെന്റ് – അടുത്ത വർഷത്തേക്കുള്ള കളക്ഷൻ എന്നിങ്ങനെ കുറവ് ചെയ്താൽ കണക്ക് കൃത്യമാകുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയത് കൃത്യമാക്കി കണക്കുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡിസിബി പത്രിക മറുപടിയിൽ പരാമർശിച്ച രീതിയിലാണ് വ്യാഖ്യാനിക്കപ്പെടേണ്ടതെന്ന് നിർദ്ദേശങ്ങളില്ലാത്തതിനാലും വാർഷികകണക്കും ഡിസിബിയും ഒരേ ഡാറ്റാ ഉപയോഗിച്ച് രണ്ട് സോഫ്റ്റ്‌വെയറുകളിൽ തയ്യാറാക്കപ്പെടുമ്പോൾ അക്കൌണ്ട് ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ഡിസിബിയും തയ്യാറാക്കപ്പെടണമെന്നതിനാലും ഓഡിറ്റ് പരാമർശം നിലനിർത്തുന്നു.)

## 1-14 മുൻകൂർ ഉക വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ ഉക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന ഉകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 557914 | 3187 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 44465 | 3497 |

(ഓഡിറ്റ് എൻക്വയറി 2 തീ 6/10/21) (ഇത് സംബന്ധിച്ച് മറുപടിയോടൊപ്പം മേൽ എൻട്രികൾക്ക് ആധാരമായ സെക്രട്ടറിയുടെ ഉത്തരവുകൾ ഹാജരാക്കിയിട്ടുണ്ട്. വസ്തു നികുതി ഡിസിബി സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുക, വാർഷികകണക്ക് പ്രകാരമുള്ള തുക എന്നിവ പൊരുത്തപ്പെടുത്തുന്നതിനുള്ള എൻട്രി എന്ന് പൊതുവായി പരാമർശമാണ് ഉള്ളത്. ഏതെല്ലാം കെട്ടിടങ്ങളുടെ, എന്തുകൊണ്ട് വ്യത്യാസം ക്രമീകരിക്കേണ്ടിവന്നുവെന്ന് പരാമർശിച്ചിട്ടില്ല.)

## 1-15 ഡിമാന്റ് എൻട്രി ഒറ്റത്തവണ മാത്രം

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ മതിലകം ഗ്രാമപഞ്ചായത്തിൽ 265 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1.4.2019 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 അഡ്വാൻസ് തുക സാങ്കൽപ്പികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 1089 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 41900404 | 31.3.20 | 1089 |

## 1-17 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5.ലൈബ്രറി രജിസ്റ്റർ

6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-18 മുൻകൂർ ലഭിച്ചത് രജിസ്റ്ററുകളിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി

പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 161350.00 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 865050.00 |
| 3 | വാടക | 350410401 - Rent From Buildings | 1778.00 |

## 1-19 280000000-Prior Period Item"-ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 4027.00 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (167727.00) |
| 280200401-Prior Period Income-Other Income | (8684.00) |
| 280100102-Prior Period- Profession Tax Traders | (19400.00) |

## 1-20 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-21 ജേണൽ എൻട്രികൾക്ക് വൗച്ചർ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കടിശ്ശിക ഡിമാന്റ്, കടിശ്ശിക പിരിവ്, കടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 61,14,085.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 23,28,085.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-23 അഡ്വാൻസ് ടു അദേഴ്സ് തെറ്റായ എൻട്രി

2018-19 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 18 പ്രകാരം Advance To Others എന്ന ഹെഡ്ഡിലെ ബാലൻസ് 5,33,386 രൂപ ആയിരുന്നു.എന്നാൽ 2019-20 ൽ അഡ്വാൻസ് രജിസ്റ്ററിൽ OB ആയി 5,33,886 രൂപ എടുത്തതിനാൽ ഈ ഇനത്തിൽ 500 രൂപ അധികമായി കിട്ടാനുള്ള തുകയായി 31.3.2020 ൽ കാണിച്ചിട്ടുണ്ട്. ആയത് 2021-22 ൽ കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 വാടക ഡിമാന്റ് എൻട്രി ഒറ്റതവണ മാത്രം

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു..

| ക്രമ.നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക( കെട്ടിടങ്ങൾ) | 130100101-Rent From Building | 76800 | 1.4.19 | 41900320 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-25 ലൈസൻസ് ഫീസ് കുറവ് അടവാക്കി

അബ്ദുൾറഹമാൻകുട്ടി, പാമ്പിനേഴത്ത്, മതിലകം എന്ന വ്യക്തി ഗ്ലോറി ഇൻഡസ്ട്രീസ് എന്ന പേരിൽ പെറ്റ് ബോട്ടിൽ, പ്രീഫോം എന്നിവയുടെ നിർമ്മാണത്തിനായി നൽകിയ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ മൂലധന നിക്ഷേപം 1.5 കോടി എന്ന് രേഖപ്പെടുത്തി കാണുന്നു. എന്നാൽ ടി വ്യക്തിയിൽ നിന്നും മെഷീനറി ഫീസായി (190HP) 2000 രൂപ ഈടാക്കിയിട്ടുണ്ട് (118140106753/16.3.2019). ലൈസൻസ് ഫീസ് ഉൽപാദന മേഖലക്ക്, 1.5 കോടി മൂലധന നിക്ഷേപത്തിന് വാങ്ങേണ്ടത് 5,000 രൂപ ആണ്. ആയത് ടിയാളിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-9). എൻക്വയറിക്ക് മറുപടി ആയി ടി വ്യക്തിക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-26 മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിലും ലൈസൻസ് അനുവദിച്ചു.

ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ മിക്കവാറും സ്ഥാപനങ്ങളുടെ അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.(ഉദാ.പി.കൃഷ്ണപിള്ള, അമ്പാടി, വിനായക ഫ്യൂവൽസ് - ഒരു ദിവസത്തെ വിറ്റുവരവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.)

31.10.2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് വാങ്ങേണ്ടത് എന്നിരിക്കെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സ്വീകരിക്കുന്ന സമയത്ത് തന്നെ ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-27 സാക്ഷ്യപത്രം ഇല്ലാതെ ലൈസൻസ് അനുവദിച്ചു.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 12(5) എ,ബി പട്ടിക 5 പ്രകാരം ആവശ്യമായ ക്ലിയറൻസ് കൂടാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുവാൻ പാടില്ല . എന്നാൽ 2019-20 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് നല്കിയ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

1. ഡോ.അന്ന ബേബി, എറാട്ട് ഹൗസ്, ചക്കരപ്പാടം, സൺഷൈൻ ഡെന്റൽ ക്ലിനിക് (ഫയൽ എ3-984) എന്ന വ്യക്തിക്ക് ഡെന്റൽ ക്ലിനിക് നടത്തുന്നതിന് ഇമേജ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സാക്ഷ്യപത്രം ഇല്ല.

2.യേശുദാസ്, അറങ്ങാശ്ശേരി, മതിലകം (ഫയൽ എ6-1749) എന്ന വ്യക്തിക്ക് അലുമിനിയം പാത്ര നിർമ്മാണത്തിനായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം ഇല്ല.

ലൈസൻസ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-28 പിഎച്ച്സി ക്ക് ലാപ് ടോപ്പ് , പ്രൊജക്ടർ വാങ്ങൽ- ലഭിക്കുവാൻ കാലതാമസം-സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

പദ്ധതി നമ്പർ-128/19.20

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പിഎച്ച്സി

ബിൽ നമ്പർ-17/25.2.2020-22895/-രൂപ

ബിൽ നമ്പർ-24/25.3.2020-30010/-രൂപ

ഫയൽ പരിശോധിച്ചതിൽ ലാപ് ടോപ്പ്, പ്രൊജക്ടർ വാങ്ങുന്നതിനായി കെൽട്രോണിന് തുക കൈമാറിയതിന് ഇൻവോയ്സ് നമ്പർ-ITP-02994/20-21 /18.9.2020 പ്രകാരമാണ് ലാപ് ടോപ്പ് ലഭിച്ചത് . ഇൻവോയ്സ് നമ്പർ - ITP-11713/20-21/18.3.2021 & ITP-13356/20-21/31.3.2021 & ITP-03275/21-22 /12.8.2021 എന്നിവ പ്രകാരമാണ് പ്രൊജക്ടറും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിരിക്കുന്നത്. ഒരു വർഷത്തിലധികം കാലതാമസം പ്രൊജക്ടർ ലഭിക്കുന്നതിനായി വന്നു. ഇത്തരത്തിൽ കെൽട്രോണിൽ നിന്ന് സാധനങ്ങൾ ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

## 1-29 പാലിയേറ്റീവ് കെയർ -മരുന്ന് ലഭിച്ചിട്ടില്ല.

പദ്ധതി നമ്പർ – 32/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പിഎച്ച്സി

ബിൽ നമ്പർ – 21/25.3.2020-64862/-രൂപ

ബിൽ നമ്പർ – 12/17.1.2020-45461/-രൂപ

ചെക്ക് നമ്പർ - 5893624/16.12.2019-142300/-രൂപ

മേൽ പ്രകാരം മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കേടുവന്ന തെങ്ങിൻ തൈകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നൽകൽ-തനത് ഫണ്ടിൽ നിന്ന് തുക വിനിയോഗിച്ചത് സംബന്ധിച്ച്

12/2020 നമ്പറായി നടപ്പിലാക്കിയ പദ്ധതിയിൽ പൊതുവിഭാഗം സാധാരണ വിഹിതമായി 4,90,000 രൂപയും തനത് ഫണ്ട് 4,96,750 രൂപയും പദ്ധതി അടങ്കൽ ഉണ്ടായിരുന്നെങ്കിലും വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കാതെ തനത്ഫണ്ടിൽ നിന്നും താഴെപറയും വിധം 4,96,300 രൂപ ചെലവഴിച്ചിട്ടുണ്ട്.

| തിയതി | തുക |
|---|---|
| 20.02.2020 | 97300 |
| 20.02.2020 | 98700 |
| 20.02.2020 | 98000 |
| 20.02.2020 | 82600 |
| 20.02.2020 | 28000 |
| 09.03.2020 | 5000 |
| 16.03.2020 | 86700 |
| ആകെ | 496300 |

ജി.ഒ.പ്രോജക്റ്റുകളിൽ സ്രോതസ്സിൽ നിന്ന് തുക പിടിച്ചതിനാൽ തെങ്ങ് വെട്ടിമാറ്റൽ പദ്ധതിയുടെ ബിൽ സമർപ്പിക്കുന്നതിന് പ്ലാൻ ജനറൽഫണ്ട് അലോട്ട്മെൻറ് ലഭ്യമല്ലാതിരുന്നതിനാലാണ് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതെന്നാണ് 17/16.10.2021 ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പറഞ്ഞിരിയ്ക്കുന്നത്. 2019-20 ൽ പ്ലാൻഫണ്ട് 100 % വിനിയോഗിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ എ.സി.ആർ പ്രകാരം 13.03.2020 ന് 41,82,759 രൂപയും 19.03.20ന് 41,52,541 രൂപയും ബാക്കി കാണിയ്ക്കുന്നുണ്ട്. ജനറൽ പ്ലാൻഫണ്ടിൽ അലോട്ട്മെൻറ് ലഭ്യമല്ല എന്നതും പ്ലാൻ പണ്ട് 100 % വിനിയോഗിച്ചു എന്നതും എ.സി.ആറിൽ നിന്നും വ്യക്തമാകുന്നില്ല. ഫണ്ട് വിനിയോഗത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-31 വീട് അറ്റകുറ്റപ്പണി(എസ്.സി.പി) പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ : 92/2020

ഫണ്ട് : വികസനഫണ്ട് എസ്.സി.പി.

ഈ പദ്ധതിയിൽ ആദ്യ ഗഡു കൈപറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ ,<br>തിയതി,<br>ബിൽ തുക | കൈമാറിയ തുക |
|---|---|---|
| കൃഷ്ണൻ.പി.സി,<br>പുത്തൂർ വീട്,മതിലകം.പി.ഒ | 01/2020-21<br>30.04.2020,<br>75000 | 37500 |
| സുനിതമോൾ.ടി.എസ്,<br>തേവർ വീട്ടിൽ,മതിലകം | 04/2020-21<br>21.01.2021<br>187500 | 37500 |
| സവിത സുന്ദരൻ<br>ഇട്ടപ്പത്ത്,<br>മതിലകം .പി.ഒ. | 14/2020-21<br>25.02.2021<br>75000 | 37500 |
| ജാന ചേന്ദൻ,<br>ചെന്നാ ഹൗസ്,<br>മതിലകം.പി.ഒ | 28/2020-21<br>22.03.2021<br>37500 | 37500 |

ആദ്യഗഡുകൈപറ്റിയിട്ടും വീട് അറ്റകുറ്റപ്പണി പൂർത്തീകരിക്കാത്ത മേൽപറഞ്ഞ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ പിടിച്ച് സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 12/14.09.2021)

## 1-32 ലൈഫ് ഭവന നിർമ്മാണം(163/20) -വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

സുരേഷ്.കെ.സി, കുട്ടോത്ത് വീട് മതിലകം എന്ന ഗുണഭോക്താവിന്, ഗുണഭോക്താവ് നിർമ്മിച്ച വീടിന് ഗ്രാമപഞ്ചായത്തിൽ നിന്നും അൺഓതറൈസ്ഡ് നമ്പർ ലഭിച്ചതിനാൽ നാലാം ഗഡു അനുവദിച്ചിട്ടില്ലെന്ന് വി.ഇ.ഒ മതിലകത്തിന്റെ 19.07.21 ലെ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ ഗുണഭോക്തൃരജിസ്റ്റർ പ്രകാരം ഗുണഭോക്താവ് മുഴുവൻ തുകയും കൈപറ്റിയിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

ലൈഫ് മിഷൻ രണ്ടാംഘട്ട ഗുണഭോക്താക്കളായ ശ്രീമതി സുനിതസനൽകുമാർ, ശ്രീമതി ഷീല അശോകൻ എന്നിവർ ഗുണഭോക്തൃരജിസ്റ്റർ പ്രകാരം മുഴുവൻ തുകയും കൈപറ്റിയിട്ടില്ലാത്തതാണ്. ഈ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 16/16.10.2020)

## 1-33 തുണിസഞ്ചി നിർമ്മാണം വിതരണം- അപാകതകൾ

പദ്ധതി നമ്പർ : S00156/2020

ഈ പദ്ധതിയിൽ 2019-20 ൽ താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ, തിയതി | തുക | തുക കൈപറ്റിയ സ്ഥാപനം |
|---|---|---|---|
| 1 | 01/19-20, 02.05.2019 | 130000 | ബി.പി.ആർ.ഒ.സൊല്യൂഷൻസ്, അവിണിശ്ശേരി |
| 2 | 02/19-20, 02.05.2019 | 138227 | യാ ലത്തീഫ് കുടുംബ ശ്രീ |
| 3 | 03/19-20, 02.05.2019 | 131803 | ബി.പി.ആർ.ഒ.സൊല്യൂഷൻസ് , അവിണിശ്ശേരി |
| 4 | 04/19-20, 02.05.2019 | 99970 | " |
| | ആകെ | 500000 | |

പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും കുടുംബശ്രീ പ്രവർത്തകർക്ക് തൊഴിൽ എന്ന നിലയിലും വീടുകളിൽ 2 കിലോ 5 കിലോ 10കിലോ വലുപ്പത്തിലുള്ള സഞ്ചികളുടെ ഒരു സെറ്റ് ഓരോ കുടുംബത്തിലും നൽകുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. വാങ്ങി നൽകുന്ന തുണികൊണ്ട് സഞ്ചികൾ തയ്ച്ച് പഞ്ചായത്തിന്റെ പേരും ലോഗോയും പ്രിന്റ് ചെയ്യുന്നതിന് ക്വട്ടേഷനിലൂടെ തെരെഞ്ഞെടുക്കപ്പെട്ടത് യാ ലത്തീഫ് കുടുംബശ്രീ ആണ്. ഒരു സെറ്റിന് 47 രൂപ എന്നാണ് നിരക്ക്. ഈ യൂണിറ്റിന് തുണി കൈമാറിയതിന്റെയും തിരിച്ച് സഞ്ചികൾ തയിച്ച് ലഭിച്ചതിന്റെയും കുടുംബങ്ങൾക്ക് സഞ്ചികൾ വിതരണം ചെയ്തതിന്റെയും ഓരോകുടുംബത്തിൽ നിന്നും 10 രൂപ വീതം ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും രേഖകൾ ഓഡിറ്റ് എൻക്വയറിയിലൂടെ (20/18.10.2021) ആവശ്യപ്പെട്ടപ്പോൾ 2264 സെറ്റ് സഞ്ചികൾ തയിച്ച് നൽകിയതിന്റെയും ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത 22,640 രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കി. ഇതിൽ നിന്നും 2264 സെറ്റ് സഞ്ചികൾ മാത്രമാണ് തയ്ക്കുകയും വിതരണം ചെയ്തിട്ടുള്ളതും എന്ന് വ്യക്തമാണ്. 2941 സെറ്റ് സഞ്ചികൾ വിതരണം ചെയ്തതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഇതിനനുസൃതമായ ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടില്ല. ഇത് പദ്ധതി നടത്തിപ്പിലെ ജാഗ്രതയില്ലായ്മയായി കണക്കാക്കുന്നു. അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിന് നൽകേണ്ടതാണ്. പദ്ധതി ചെലവായ 1,38,227 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 പോത്തിൻകുട്ടി വിതരണം പദ്ധതി സംബന്ധിച്ച്

വെറ്റേറിനറി സർജൻ നിർവഹണോദ്യാഗസ്ഥനായ, പദ്ധതി നം.102, പോത്തിൻകുട്ടി വിതരണം, എന്നതിൽ ഗുണഭോക്താക്കൾ പോത്തിൻകുട്ടിളെ വാങ്ങിയിരിക്കുന്നത് ഇതേ പഞ്ചായത്തിലെ തന്നെയുള്ള ആളുകിൽ നിന്ന് തന്നെയാണ്. മാത്രമല്ല, വാങ്ങുന്നവരുടെയും വിൽക്കുന്നവരുടെയും മേൽവിലാസം ഏതാണ്ട് ഒരുപോലെ തന്നെയാണ്. ഇത്തരത്തിൽ ക്രയവിക്രയം നടക്കുന്നതിനാൽ ഓഡിറ്റിന് പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേരുംമേൽവിലാസവും | വിറ്റയാളുടെ പേരും മേൽവിലാസവും |
|---|---|---|
| 1 | സാജിതാ സിദ്ദീക്ക്, വാത്യേടത്ത് ഹൗസ്, കുളിമുട്ടം | റൈഹാനത്ത് ജമാൽ, വാത്യേടത്ത് ഹൗസ്. കുളിമുട്ടം |
| 2 | വാഹിദ നവാസ്, കൊറ്റായി പറമ്പിൽ ഹൗസ്, പുന്നക്കബസാർ,മതിലകം | നൗഷാദ്.കെ.ബി., കൊറ്റായിപറമ്പിൽ, പുന്നക്കബസാർ, മതിലകം |
| 3 | ഉഷ പോൾ, മഞ്ഞളി ഹൗസ്, മതിലകം | ഗ്രീഫി ടോമി, മഞ്ഞളി ഹൗസ്, മതിലകം |
| 4 | വനജ മുരുകൻ, പറപറമ്പിൽ, മതിലകം | സുരേന്ദ്രൻ, പറപറമ്പിൽ ഹൗസ്, മതിലകം |
| 5 | ഓമന, കിള്ളിക്കുളങ്ങര,കുളിമുട്ടം | കെ.കെ.സജീവൻ, കിള്ളിക്കുളങ്ങര,കുളിമുട്ടം |
| 6 | മീനാ ജയൻ, ഇളയാരംപുരക്കൽ ഹൗസ്,കുളിമുട്ടം | ബാബു, ഇളയാരംപുരക്കൽ ഹൗസ്, കുളിമുട്ടം |
| 7 | ഷെബീനാ ഷെഫീക്ക്,കല്ലുപറമ്പിൽ ഹൗസ്, മതിലകം | ഷെരീഫ, കല്ലുപറമ്പിൽ ഹൗസ്, മതിലകം |
| 8 | ലളിതാ വേലായുധൻ, പണിക്കാട്ടിൽ ഹൗസ്, മതിലകം | രഞ്ജിത്ത്, പണിക്കാട്ടിൽ ഹൗസ്, മതിലകം |

ഇത്തരത്തിലുള്ള അപാകതകളും ,ക്രമക്കേടുകളും ഭാവിയിൽ ഒഴിവാക്കി പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-35 എസ് എസ് എ വിഹിതം അടവാക്കൽ- എസ് സി പദ്ധതി സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 05/20 നമ്പർ ആയ ഈ പദ്ധതിയിൽ എസ് സി വിഹിതം, 1,00,000/- രൂപാ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ഈ തുക എസ് സി വിഭാഗം കുട്ടികൾക്ക് മാത്രമായി വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം എസ് എസ് എയിൽ നിന്നും വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-36 താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതി നം/പേര് | കൈമാറിയ തുക | ബിൽ നം/തിയതി | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | 12/20, പി എം എ വൈ വിഹിതം നൽകൽ | 120000 | | മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 2 | 13/20, ക്യാൻ, തൃശ്ശൂർ | 85000 | 19/19-20,dt.17-10-19 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 3 | 194/20, ABC പ്രോഗ്രാമിന് ഫണ്ട് നൽകൽ | 120000 | 20/19-20,dt.17-10-19 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| 4 | 17/20, കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 494000 | 16/19-20,dt.18-9-19 28/19-20,dt.29-1-2020 | കേരളാ വാട്ടർ അതോറിറ്റി |
| 5 | 19/19-20, എസ് സി കോളനികളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 30000 | 30/19-20, Dt.19-3-20 36/19-20,dt.19-3-20 | കേരളാ വാട്ടർ അതോറിറ്റി |

### 1-37 തെരുവ് വിളക്ക് പരിപാലനം-കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതിയിൽ കരാറുകാരന് തുക നൽകിയപ്പോൾ, ഇൻകം ടാക്സ് ആക്ട് 1961, വകുപ്പ്, 194 C പ്രകാരമുള്ള ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. കരാറുകാരനിൽ നിന്നും മേൽവകുപ്പ് പ്രകാരമുള്ള ആദായനികുതി ഈടാക്കേണ്ടതാണ്.

### 1-38 പാരമ്പര്യ കലാപോഷണം പദ്ധതി- പദ്ധതി വിഹിതം അധികമായി നൽകി

അസി.സെക്രട്ടറി നിർവഹണോദ്യഗസ്ഥയായ, പദ്ധതി നം.147/20-21, പാരമ്പര്യ കലാപോഷണം എന്നതിൽ, പൊന്നാംപടി കോളനി സാംസ്കാരികവേദിയ്ക്ക്, മ്യൂസിക് പാർക്ക്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും, വാദ്യോപകരണങ്ങൾ താഴെ പറയും പ്രകാരം വാങ്ങി നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ, 23-3-2020ലെ, 1/832 നമ്പർ ബിൽ പ്രകാരം, 98,950/ രൂപയ്ക്ക്

ചെണ്ട - എടന്തല-5

ചെണ്ട – വലന്തല-2

ഇലത്താളം – 2

കൊമ്പ് – 1

വാങ്ങുകയും. സാംസ്കാരികവേദിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗരേഖ, സർക്കാർ ഉത്തരവ് നം (കൈ) 22/2018/തസ്വഭവ, തി.14-2-2018 പ്രകാരം പട്ടികജാതി/പട്ടികവർഗ യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ, ബാന്റ് സെറ്റ്, ചെണ്ട ഉടങ്ങിയ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഇവരിൽ നിന്നും 5% ഗുണഭോതൃവിഹിതം ഈടാക്കേണ്ടതാണ്. ഈ പദ്ധതിയിൽ, 95,000/രൂപാ പദ്ധതി വിഹിതവും, 4,750 രൂപാ ഗുണഭോക്തൃ വിഹിതവും അടക്കം, പദ്ധതിയുടെ അടങ്കൽ, 99,750/ രൂപയാണ്. എന്നാൽ ഈ പദ്ധതിയിൽ മൊത്തം ചെലവായ, 98,950/ രൂപയുടെ 5% ആയ 4,948/ രൂപാ ഗുണഭോക്തൃവിഹിതവും, 94,002 രൂപാ പദ്ധതി വിഹിതവുമാണ് ചെലവാക്കേണ്ടിയിരുന്നത്. എന്നാൽ പഞ്ചായത്തിൽ, 95,000/രൂപാ പദ്ധതി വിഹിതവും, (ബിൽ നം.24/19-20,dt.30-3-20) 3,950/ രൂപാ ഗുണഭോക്തൃ വിഹിതവുമാണ് ചെലവ് ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കളിൽ നിന്നും കുറവ് വന്ന ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടതും, കൂടുതലായി ചെലവ് ചെയ്ത പദ്ധതി വിഹിതം തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

### 1-39 പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ്-സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്

വൗച്ചർ നം – 21900346, Dt.16-7-2019, തുക-13,781/

സർക്കാർ ഉത്തരവ് നം. (പി) 819/2000/Fin, Dt. 18-4-2000 പ്രകാരം, കേരള സർക്കാരിന്റെ കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടാകേണ്ടതാണ്. എന്നാൽ മേൽ വൗച്ചർ പ്രകാരം പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ് ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയിൽ നിന്നും എടുത്തതായി കാണുന്നു. വാഹനങ്ങളുടെ കാര്യത്തിൽ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

### 1-40 പൊതുമരാമത്ത് പ്രവൃത്തികൾ- കരാറുകാരിൽ നിന്ന് ജിഎസ്ടി ഇൻവോയ്സുകൾ ലഭ്യമാക്കേണ്ടതാണ്

കേരള സർക്കാരിന്റെ സർക്കുലർ നമ്പർ 18/19 ധനം തീ. 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് GST ഉൾപ്പെടാതെയുള്ള തുകയ്ക്ക് എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുകയും, ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. GST ഉൾപ്പെടാതെ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 50/18 തീ 13/9/2018 GST നോട്ടിഫിക്കേഷൻ പ്രകാരം 2% TDS കുറവ് ചെയ്യുകയും ആയതിന് റിട്ടേൺ സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും GST ഇനത്തിൽ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പ്രവൃത്തികൾക്ക് നല്കുന്ന തുകയുടെ വിവരം GST വകുപ്പിലേക്ക് എത്തുകയും നികുതി അസ്സസ്സ്മെന്റിന് കരാറുകാരൻ വിധേയനാകുകയും

ചെയ്യുന്നു.

പ്രവൃത്തിമൂല്യം 2,50,000 രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമല്ല, റിട്ടേൺ സമർപ്പിക്കേണ്ടതില്ല. എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക നല്കേണ്ടതുമുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാകുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

പഞ്ചായത്ത്, കരാറുകാർക്ക് (സേവനദാതാവിന്) നല്കുന്ന തുകക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് 2019-20 വർഷം നടപ്പാക്കിയതും 2,50,000 രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്താനാകുന്നില്ല.(ഓഡിറ്റ് എൻക്വയറി 21 തീ 18/10/21 )

## 1-41 ഒഴിവാക്കപ്പെട്ട സേവനങ്ങൾക്ക് ജിഎസ്ടി തുക നല്കി.തനത് ഫണ്ടിൽ നിന്ന് 17758 രൂപയും വികസനഫണ്ടിൽ നിന്നും 18268 രൂപയും ഈയിനത്തിൽ അടച്ചു

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി) 73/17 Taxes തീയ്യതി 28/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution")* . ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (lii), (Xiii) എന്നിവ പ്രകാരം Water Management, Watershed Developments, Roads എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകളിൽ മേൽ ഇനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് പഞ്ചായത്ത് സേവനനികുതി നല്കിയതായി കാണുന്നു.

| പ്രോജക്റ്റ് | അളവ് പുസ്തക നമ്പർ | സേവന മൂല്യം | കേന്ദ്ര+സംസ്ഥാന ജി എസ് ടി (2.5%+2.5%) | ആകെ തുക | പ്രവൃത്തിയുടെ സ്വഭാവം | ട്രഷറി ബിൽ നമ്പർ/ ചെക്ക് നമ്പർ | തീയ്യതി | തുക | ഫണ്ട്, തുക നല്കിയത് |
|---|---|---|---|---|---|---|---|---|---|
| 205/21 -സർക്കാർ നിർദ്ദേശിക്കുന്ന അടിയന്തിര പ്രവൃത്തികൾ(Cleaning Of Drain In NH & Drain Behind St.Joseph HSS ) | 25/19-20 | 355157 | 17757.87 | 372915 | ഡ്രെയിൻ ക്ലീൻ ചെയ്യുന്ന പ്രവൃത്തി. (സാധനങ്ങളുടെ സപ്ലൈ ഇല്ല) | 2846633 | 22/07/20 | 372915 | തനത്, ശ്രീമതി നിഷി പി ദേവദാസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 219/21- ഇനി ഞാൻ ഒഴുകട്ടെ- പെരുന്തോടിന് ആഴം കൂട്ടൽ വൃത്തിയാക്കൽ | 37/19-20 | 365356 | 18268 | 383624 | തോട് ക്ലീൻ ചെയ്യുന്ന പ്രവൃത്തി. (സാധനങ്ങളുടെ സപ്ലൈ ഇല്ല) | 11<br>12 | 3.11.20<br>3.11.20 | 373624<br>10000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ധനകാര്യ കമ്മീഷൻ ശ്രീ.ലിജുകെ.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | | 36025.87 | | | | | | |

ലേബർ ചാർജ്ജ് മാത്രമുൾപ്പെടുന്ന പ്രവൃത്തിയായതിനാൽ 5% ജി.എസ്.ടി മാത്രമാണ് നല്കിയത്. എന്നാൽ ലേബർ ചാർജ്ജ് മാത്രമുൾപ്പെടുന്നതും പഞ്ചായത്തിന്റെ ചുമതലകളായി ബന്ധപ്പെട്ടതുമായ സേവനമായതിനാൽ ജി.എസ്.ടി നല്കേണ്ടതില്ല. ഇപ്രകാരം ജി എസ് ടി നല്കിയതിനാൽ 17,758 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം സംഭവിച്ചു, മറ്റ് ഗ്രാന്റിൽ നിന്നും മറ്റ് സ്ഥാപനങ്ങളുടെ വിഹിതത്തിൽ നിന്നും മറ്റ് പ്രോജക്ടുകൾക്ക് ഉപയോഗിക്കാമായിരുന്ന 18,268 രൂപ ജി എസ് ടി ഇനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കരാറുകാരൻ മുഖേന തിരിച്ചടക്കുകയും ചെയ്തു. (ഓഡിറ്റ് എൻക്വയറി 19 തീ 18/10/21).

ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ Work Contract Service ന് ഈ ഒഴിവ് ബാധകമല്ല എന്നും Labour Oriented Work ന് 5% ജിഎസ്ടി അനുവദിക്കുകയുമാണ് ചെയ്തത് എന്നും കരാറുകാർക്ക് അമിത ലാഭം നേടിക്കൊടുത്തിട്ടില്ല എന്നും തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് അടവാക്കിയെന്നും അറിയിച്ചിട്ടുണ്ട്. ജിഎസ്ടി നിയമം പ്രകാരമുള്ള നിർവ്വചനങ്ങൾ ചുവടെ ചേർക്കുന്നു.

സെക്ഷൻ 2 (119) – "Works Contract Means A Contract For Building, Construction, Fabrication, Completion, Erection, Installation, Fitting Out, Improvement, Modification, Repair, Maintenance, Renovation, Alteration Or Commissioning Of Any Immovable Property *Wherein Transfer Of Property In Goods (Whether As Goods Or In Some Other Form) Is Involved* In The Execution Of Such Contract;"

സെക്ഷൻ 2(30) - "Composite Supply" Means A Supply Made By A Taxable Person To A Recipient Consisting Of Two Or More Taxable Supplies Of Goods Or Services Or Both, Or Any Combination Thereof, Which Are Naturally Bundled And Supplied In Conjunction With Each Other In The Ordinary Course Of Business, One Of Which Is A Principal Supply;

ഷെഡ്യൂൾ 2- ക്രമ.നം 6 Composite Supply – The Following Composite Supplies Shall Be Treated As A Supply Of Services, Namely:—(a) Works Contract As Defined In Clause (119) Of Section 2;

മേൽ നിർവ്വചനങ്ങളിൽ നിന്നും സാധനങ്ങളുടെ സപ്ലൈ കൂടി ഉൾപ്പെടുന്ന ഉള്ള പ്രവൃത്തികളാണ് Work Contract, Composite Supply എന്നിവ എന്ന് വ്യക്തമാണ്. Work Contract, Composite Supply യിൽ ഉൾപ്പെടുന്ന Service ആണെന്നും വ്യക്തമാണ്. ഈയിനങ്ങളിലുള്ള സാധനങ്ങളുടെ സപ്ലൈ കൂടി ഉൾപ്പെടുന്ന സേവനങ്ങൾക്കാണ് മേൽ നോട്ടിഫിക്കേഷൻ ബാധകമല്ലാത്തത്. ഓഡിറ്റ് പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളിൽ സാധനങ്ങളുടെ സപ്ലൈയോ മാറ്റം വരുത്തലോ ഇല്ല. മാനവവിഭവശേഷി ഉപയോഗിച്ചുള്ള വൃത്തിയാക്കൽ ആണ്. ആയതിനാൽ Pure Service ൽ ഉൾപ്പെടുത്താവുന്നതാണ്. ആയതിനാൽ മറുപടി പരിഗണിച്ചും ഓഡിറ്റ് ഖണ്ഡിക നിലനിർത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലൈസൻസ് ഫീസ് കുറവ് അടവാക്കി

അബ്ദുൾറഹ്മാൻകുട്ടി, പാമ്പിനേഴത്ത്, മതിലകം എന്ന വ്യക്തി ഗ്ളോറി ഇൻഡസ്ട്രീസ് എന്ന പേരിൽ പെറ്റ് ബോട്ടിൽ, പ്രീഫോം എന്നിവയുടെ നിർമ്മാണത്തിനായി നൽകിയ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ മൂലധന നിക്ഷേപം 1.5 കോടി എന്ന് രേഖപ്പെടുത്തി കാണുന്നു. എന്നാൽ ടി വ്യക്തിയിൽ നിന്നും മെഷീനറി ഫീസായി (190HP) 2000 രൂപ ഈടാക്കിയിട്ടുണ്ട് (118140106753/16.3.2019). ലൈസൻസ് ഫീസ് ഉൽപാദന മേഖലക്ക് 1.5 കോടി മൂലധന നിക്ഷേപത്തിന് വാങ്ങേണ്ടത് 5000 രൂപ ആണ്. ആയത് ടിയാളിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-9). എൻക്വയറിക്ക് മറുപടി ആയി ടി വ്യക്തിക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 800000 | നടപ്പാത നിർമാണം | 800000 | 0 |
| ” | ” | 500000 | ചെമ്പൈപാടം കാന | 0 | 500000 |
| ” | ” | 225000 | പാലിയേറ്റീവ് കെയർ | 225000 | 0 |
| ” | ” | 100000 | ആശ്രയ | 100000 | 0 |
| ” | ” | 500000 | മുംതാസ് പഴംതറ റോഡ് | 458491 | 41509 |
| ” | ” | 300000 | പൂവ്വത്തുംകടവ് സ്ട്രീറ്റ്ലൈൻ | 294004 | |
| ” | ” | 1900000 | ലൈഫ് ഭവനം | 1900000 | 0 |
| ” | ” | 1600000 | അംഗനവാടി പോഷകാഹാരം | 1600000 | 0 |
| ” | ” | 550000 | ഭിന്നശേഷി സ്കോളർഷിപ്പ് | 429400 | |
| ” | ” | 210000 | പട്ടികജാതി കോളനി പൈപ്പ്ലൈൻ | 200000 | |
| ” | ” | 200000 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 195925 | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 325000 | പാലിയേറ്റീവ് കെയർ | 311406 | |
| | ” | 200000 | ആശ്രയ | 50000 | 150000 |
| | ” | 200000 | ഭിന്നശേഷി ഉപകരണങ്ങൾ | 200000 | |
| | ” | 300000 | കന്നുകുട്ടി പരിപാലനം | 300000 | |
| | ” | 300000 | ക്ഷീരകർഷകർക്ക് സബ് സിഡി | 227769 | |

| | | | | | |
|---|---|---|---|---|---|
| | ” | 1037062 | ലൈഫ് ഭവനം – ജനറൽ | 1037062 | |
| | ” | 838290 | ലൈഫ് എസ് സി | 838290 | |
| | ” | 1100000 | അംഗനവാടി പോഷകാഹാരം | 883524 | |
| | ” | 620000 | ഭിന്നശേഷി സ്കോളർഷിപ്പ് | 620000 | |
| | ” | 300000 | ഇ വി ജി അംഗനവാടി സൈഡ് പ്രൊട്ടക്ഷൻ | 287587 | |
| | ” | 300000 | മിച്ചഭൂമി കോളനി സ്ലൂയിസ് | 281237 | |
| | ” | 600000 | പി എച്ച് സി ആർദ്രം കെട്ടിടം ട്രസ്റ്റ് | 593135 | |

തൻവർഷത്തെ സംയുക്ത പദ്ധതികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയതായാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 മായി പൊരുത്തപ്പെടുന്നില്ല. സംയുക്ത പ്രൊജക്ടുകളുടെ നീക്കിയിരിപ്പ് വിവരം വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റവർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെകൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 494000 | | 494000 |
| KWA | കുടിവെള്ള പൈപ്പ്ലൈൻ കണക്ഷൻ എസ് സി കോളനി | 30000 | | 30000 |
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 635114 | | 635114 |
| KSEB | പൂവത്തുംകടവ് ഹരിജൻ സെറ്റിൽമെന്റ് കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ | 5232 | | 5232 |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 294004 | | 294004 |
| KSEB | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 438515 | | 438515 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | | 12471432 | 12471432 | 1058824 | | 11412608 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5800000 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| പലിശ | - |
| ആകെ | 10800000 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10800000 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപത്തിന്റെ വിവരം

| ബാങ്കിന്റെ പേര് | തുക |
|---|---|
| പാപ്പിനിവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 10800000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03<br>2014-15<br>2014-15<br>2015-16 | 3-21<br>2-8<br>2-1<br>2-3 | 2006-07<br>2016-17<br>2016-17<br>2016-17 | 3.53.4 | കേരള വികസന പദ്ധതി 2002-03 ഭജനമഠം കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പൂർത്തീകരണരേഖകൾ ഹാജരാക്കിയിട്ടില്ല<br>മൊബൈൽടവറുകൾ വസ്തു നികുതി അടവാക്കുന്നില്ല<br>തൊഴിൽ നികുതി അപാകതകൾ<br>സ്ഥാപനനികുതി ഈടാക്കിയിട്ടില്ല | ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതാണ്.<br>വസ്തു നികുതി അടവാക്കിയതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടുള്ളതാണ്.<br>തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളതാണ്.<br>സ്ഥാപനതൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുള്ളതാണ്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63517105 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69631190 |
| വരവിനങ്ങളിലുള്ള നഷ്ടം | 5000 |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 138227 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-25 | 5000 | | ശ്രീ. ഷാബു.പി.വി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 138227 | കെ.എസ്.ലാലി ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി.ഷാബു, സെക്രട്ടറി | പൂമംഗലം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല. | പുത്തൂർ ഹൗസ് കൈപമംഗലം തൃശ്ശൂർ |
| കെ.എസ്.ലാലി , വി.ഇ.ഒ | എറിയാട് ഗ്രാമപഞ്ചായത്ത്, വി.ഇ.ഒ | ലാലി.കെ.എസ് കുറ്റാട്ട് ഹൗസ്, അഴീക്കോട് (പി.ഒ) 680666 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 75-76 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/01.02.12 |
| 77-78 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 78-79 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 79-80 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 80-81 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 81-82 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 83-84 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 84-85 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 85-86 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1085/11/ 20.10.11/ 01.02.12 |
| 96-97 | എൽ.എഫ്.ടി.12-1228/01/01.10.97. |
| 97-98 | എൽ.എഫ്.ടി.12-1791/00/15.5.2000 |
| 98-99, 99-2000 | എൽ.എഫ്.ടി.12-950/01/17.10.01 |
| 2000-2001 | എൽ.എഫ്.ടി.12-257/04/03.05.04/ 11.08.08 |
| 2001-2002 | എൽ.എഫ്.ടി.12-258/04/03.05.04/ 11.08.08 |
| 2002-2003 | എൽ.എഫ്.ടി.12-100/06/26.05.06/ 08.12.06 |
| 2003-2004 | എൽ.എഫ്.ടി.12-60/09/09.10.09/ 3.11.09 |
| 2004-2005 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2005-2006 | എൽ.എഫ്.ടി.12-428/10/27.09.11 |
| 2006-2007 | എൽ.എഫ്.ടി.12-429/10/27.09.11 |
| 2007-2008 | എൽ.എഫ്.ടി.പി.3-2113/11/25.05.12/ 07.08.12 |
| 2008-2009 | എൽ.എഫ്.ടി.പി.3-2114/11/28.05.12/ 07.08.12 |
| 2009-2010 | എൽ.എഫ്.ടി.പി.3-28.05.12/07.08.12 |
| 2010-2011 | എൽ.എഫ്.ടി.പി.3-1977/12/13.02.13/ 09.05.13 |
| 2011-2012 | എൽ.എഫ്.ടി.പി.3-337/13/12.11.13 |
| 2012-2013 | എൽ.എഫ്.ടി.പി.3-87/2014/22.07.14/ 18.09.14 |
| 2013-2014 | കെ.എസ്.എ ടി.എസ്.ആർ.പി.3-748/15/ 13.10.15/16.10.15 |
| 2014-15 | കെ.എസ്.എടി.എസ്.ആർ.പി.3-1276/16/ 29.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 1735/2016/19.10.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 1315/2017/23.09.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 832/2019/12.6.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി3) 371/2020/02.6.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സം തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്